PAN/23995/2018-C7(DP)

**പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം**
**പബ്ലിക് ഓഫീസ്,വികാസ് ഭവൻ പി ഓ**
**തിരുവനന്തപുരം, 695033 ,0471-2786318**
**directorofpanchayatcsection@gmail.com**
**തീയതി :15/10/2018**

**<u>സർക്കുലർ</u>**

വിഷയം: പഞ്ചായത്ത് വകുപ്പ് -പൊതു നിരത്തുകളിൽ അനധികൃതമായും അപകടകരമായും സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകൾ /ബാനറുകൾ/ഹോർഡിങ്ങുകൾ എന്നിവ നീക്കം ചെയ്യുന്നത് സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:
1. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 209 (എ),209 (ബി),209 (സി)
2. സ.ഉ.(കൈ)നമ്പർ 194/2014/തസ്വഭവ തീയതി 06.11.2014
3. സ.ഉ.(കൈ)നമ്പർ 195/2014/തസ്വഭവ തീയതി 06.11.2014
4. ജി.ഒ (എം എസ്) നമ്പർ 06/2016/ട്രാൻ തീയതി 02.02.2016
5. സർക്കാരിന്റെ 21.08.2008 ലെ 44301/ആർ.എ 3/03/08/തസ്വഭവ നമ്പർ സർക്കുലർ
6. സർക്കാരിന്റെ 02.01.2014 ലെ 75667/ആർ.സി2/2013/തസ്വഭവ നമ്പർ സർക്കുലർ.
7. സർക്കാരിന്റെ 07.03.2018 ലെ 41/ആർ.സി2/2018/തസ്വഭവ നമ്പർ പരിപത്രം
8. 22750/2018 നമ്പർ ഹർജിയിൻമേൽ ബഹു കേരള ഹൈക്കോടതി പുറപ്പെടുവിച്ചിട്ടുള്ള 18.09.2018,03.10.2018 തീയതികളിലെ ഉത്തരവുകൾ.
9. സർക്കാരിന്റെ 06.10.2018 ലെ 41/ആർ.സി2/2018/തസ്വഭവ നമ്പർ പരിപത്രം
10. ഈ ആഫീസിലെ 09.10.2018 ലെ PAN/23995/2018-C7(DP) നമ്പർ കത്ത്.

സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ വിവിധ സ്ഥാപനങ്ങളും സംഘടനകളും പരസ്യ ഏജൻസികളും പരസ്യ ബോർഡുകൾ /ബാനറുകൾ/ഹോർഡിങ്ങുകൾ എന്നിവ സ്ഥാപിക്കുമ്പോൾ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 209 (എ) പ്രകാരം ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തിന്റെ അനുമതി ആവശ്യമാണ്. എന്നാൽ വിവിധ സ്ഥാപനങ്ങളും രാഷ്ട്രീയ പാർട്ടികളും സംഘടനകളും പരസ്യ ഏജൻസികളും ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തിന്റെ അനുമതി ഇല്ലാതെ പരസ്യ ബോർഡുകൾ /ബാനറുകൾ/ഹോർഡിങ്ങുകൾ സ്ഥാപിക്കുന്നതായും ഇവ റോഡിലേക്ക് തള്ളിനിൽക്കുന്നതായും പരസ്യബോർഡുകൾ ഡ്രൈവർമാരുടെ കാഴ്ച മറക്കുന്നതായും അതു വഴി റോഡപകടങ്ങൾ ഉണ്ടാകുന്നതായും കാൽനട യാത്രക്കാർ ബുദ്ധിമുട്ടുകൾ നേരിടുന്നതായും 2017 ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി നിയമം പ്രകാരം പരസ്യ നികുതി ഈടാക്കൽ നികുതി വകുപ്പിന്റെ അധികാരം ആയതിനാൽ ഇതു സംബന്ധിച്ച് ഗ്രാമ പഞ്ചായത്തുകൾ നിയന്ത്രണ നടപടികൾ ഒന്നും തന്നെ സ്വീകരിക്കുന്നില്ലെന്നും പരാതികൾ ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ വിവിധ സ്ഥാപനങ്ങളും സംഘടനകളും

പരസ്യ ഏജൻസികളും പരസ്യങ്ങൾ സ്ഥാപിക്കുമ്പോൾ ഗ്രാമ പഞ്ചായത്തുകൾ സ്വീകരിക്കേണ്ട നടപടി ക്രമങ്ങൽ സംബന്ധിച്ച് വിശദമായ മാർഗ്ഗനിർദ്ദേങ്ങൾ സൂചന (2) (3) (4) ഉത്തരവുകളിലൂടെയും സൂചന (5) (6) (7) സർക്കുലറുകളിലൂടെയും സർക്കാർ പുറപ്പെടുവിച്ചിരിക്കുന്നു.പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നത് കർശനമായി നിയന്ത്രിക്കേണ്ടത് സംബന്ധിച്ചും അനധികൃതമായും അപകടകരമായും സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകൾ /ബാനറുകൾ/ഹോർഡിങ്ങുകൾ അടിയന്തിരമായി നീക്കം ചെയ്യേണ്ടത് സംബന്ധിച്ചും ബഹു കേരള ഹൈക്കോടതി സൂചന (9) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും അതിൻമേലുള്ള സർക്കാരിന്റെ സൂചന (10) അധിക മാർഗ്ഗ നിർദ്ദേശങ്ങളും കർശനമായി നടപ്പാക്കേണ്ടത് സംബന്ധിച്ച് താഴെ പറയുന്ന വകുപ്പുതല മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

**1)** 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 209 (സി) പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് അനധികൃതമായും അപകടകരമായും സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകൾ/ബാനറുകൾ/ഹോർഡിങ്ങുകൾ തുടങ്ങിയവ ,ആയത് സ്ഥാപിച്ചവർക്ക് സ്വമേധയാ നീക്കം ചെയ്യുന്നതിന് വ്യപകമായ അറിയിപ്പുകൾ പത്ര,ദൃശ്യ മാധ്യമങ്ങളിലൂടെ ഗ്രാമപഞ്ചായത്തുകൾ നല്കേണ്ടതും അറിയിപ്പ് നല്കി 3 ദിവസത്തിനുള്ളിൽ നീക്കം ചെയ്യാത്തവ കണ്ടെത്തി 7 ദിവസത്തിനുള്ളിൽ നീക്കം ചെയ്യുന്നതിന് ബന്ധപ്പെട്ടവർക്ക് നോട്ടീസ് നല്കേണ്ടതും എന്നിട്ടും നീക്കം ചെയ്യാത്തവ ഗ്രാമ പഞ്ചായത്ത് നീക്കം ചെയ്യേണ്ടതും ആയതിനുണ്ടാകുന്ന ചെലവ് ബന്ധപ്പെട്ടവരിൽ നിന്നും നിയമാനുസരണം ഈടാക്കേണ്ടതുമാണ്.മേൽ പ്രവർത്തി പൂർത്തീകരിച്ചത് സംബന്ധിച്ച ജില്ലാതല റിപ്പോർട്ട് എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും നിശ്ചിത പ്രൊഫോർമയിൽ 26.10.2018 ന് മുമ്പ് വീഴ്ച കൂടാതെ ഈ ആഫീസിൽ ലഭ്യമാക്കേണ്ടതാണ്.

**2)** ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ പരസ്യ ബോർഡുകൾ /ബാനറുകൾ/ഹോർഡിംഗുകൾ എന്നിവ സ്ഥാപിക്കുന്നതിന് 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 209 (എ) പ്രകാരം അനുമതി ആവശ്യമാണെന്ന് ഗ്രാമ പഞ്ചായത്ത് പരസ്യപ്പെടുത്തേണ്ടതും അനുമതി ഇല്ലാതെ സ്ഥാപിച്ചിരിക്കുന്ന പരസ്യങ്ങൾ അടിയന്തിരമായി നീക്കം ചെയ്യേണ്ടതും അനുമതിക്കായി സമർപ്പിക്കുന്ന അപേക്ഷകൾ സംബന്ധിച്ച് താഴെ പറയുന്ന നിബന്ധനകൾ പാലിക്കുകയും ചെയ്യേണ്ടതാണ്.

(i) ഒരു സാമ്പത്തിക വർഷത്തേക്കാണ് അനുമതി നല്കേണ്ടത്.

(ii) പരസ്യ ബോർഡുകൾ /ബാനറുകൾ/ഹോർഡിങ്ങുകൾ മുതലായവ പൊതു നിരത്തുകലളിൽ സ്ഥാപിച്ചതു മൂലം എന്തെങ്കിലും അപകടം സംഭവിച്ചാൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്വവും നഷ്ടപരിഹാരം നൽകേണ്ടി വന്നാൽ അതിന്റെ പൂർണ്ണ ബാദ്ധ്യതയും ഏറ്റെടുത്തുകൊള്ളാമെന്നും കാലാവധിക്ക് ശേഷം /ആവശ്യങ്ങൾക്ക് ശേഷം സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും പരസ്യ ബോർഡുകൾ /ബാനറുകൾ/ഹോർഡിങ്ങുകൾ എന്നിവ എടുത്തു മാറ്റുന്നതാണെന്നുമുള്ള നിബന്ധന ചേർത്ത് 200/- രൂപ മുദ്രപത്രത്തിൽ അപേക്ഷകനെകൊണ്ട് കരാർ വയ്പിക്കേണ്ടതാണ് . ഇത് സംബന്ധിച്ച് സൂചന (10) സർക്കുലറിലെ ഖണ്ഡിക (5),(6) നിബന്ധനകൾ എല്ലാ ഗ്രാമപഞ്ചായത്തുകളും കർശനമായി പാലിക്കേണ്ടതാണ്.

(iii) പരസ്യ ബോർഡിന്/ഹോർഡിങിന് ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കേണ്ടതാണ്.

(iv) അപേക്ഷയോടൊപ്പം പരസ്യ ബോർഡുകൾ /ബാനറുകൾ/ഹോർഡിങ്ങുകൾ എന്നിവ സ്ഥാപിക്കുന്ന റോഡിന്റെ പേര്/വീതി,സ്ഥല ഉടമയുടെ വിശദാംശങ്ങൾ സമ്മതപത്രം ,ലൊക്കേഷൻ പ്ലാൻ,പരസ്യത്തിന്റെ വിസ്തീർണ്ണം,എഗ്രിമെന്റ് ,ക്ഷമതയുള്ള അധികാരിയുടെ സ്ട്രക്ച്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് ,ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് , സ്ഥാപിക്കുന്ന കാലയളവ്,ഒന്നിലധികം സാമ്പത്തിക വർഷത്തേക്കാണെങ്കിൽ അടുത്ത സാമ്പത്തിക വർഷം അപേക്ഷ പുതുക്കുന്നതാണെന്ന സാക്ഷ്യപത്രം. എന്നിവ ഉണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

(v) റോഡ് സേഫ്റ്റി അതോറിറ്റിയുടെ /ദുരന്തനിവാരണ അതോറിട്ടിയുടെ സമ്മതപത്രം

(vi) ഏതെങ്കിലും തരത്തിലുള്ള നിരോധിത മേഖലക്ക് അഭിമുഖമായി പരസ്യ ബോർഡുകൾ /ബാനറുകൾ/ഹോർഡിങ്ങുകൾ എന്നിവ സ്ഥാപിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

(vii) പരസ്യ ബോർഡുകൾ /ബാനറുകൾ/ഹോർഡിങ്ങുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 271,272,273,274,275,276 എന്നീ വകുപ്പുകളും പഞ്ചായത്തിന്റെ നിബന്ധനകളും നിർദ്ദേശങ്ങളും പാലിക്കുന്നതാണെന്ന സത്യപ്രസ്ഥാവന അപേക്ഷകരിൽ നിന്നും വാങ്ങേണ്ടതാണ്.

(viii) ഡിസ്പ്ലേ ചെയ്യുന്ന പരസ്യത്തിന്റെ പകർപ്പ് അനുമതി അപേക്ഷയോടൊപ്പം വാങ്ങേണ്ടതാണ്.പ്രകോപനപരമായതും ബീഭത്സമായ രംഗങ്ങൾ ഉൾക്കൊള്ളുന്നതുമായ പരസ്യബോർഡുകൾ സ്ഥാപിക്കുന്നതിന് അനുമതി നല്കാൻ പാടുള്ളതല്ല.

(ix) അനുവാദം നല്കുന്നതിന് പഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്.

**3)** 14591/2011 നമ്പർ റിട്ട് പെറ്റീഷൻ ബഹു ഹൈക്കോടതി 02.12.2013 ൽ പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായ പ്രകാരവും സൂചന (7) സർക്കുലർ പ്രകാരവും റോഡ് സൈഡിലും മറ്റു പൊതു സ്ഥലങ്ങളിലും നിൽക്കുന്ന വൃക്ഷങ്ങളിൽ ആണി ഉപയോഗിച്ചോ മറ്റ് രീതികളിലോ പരസ്യങ്ങൾ പ്രദർശിപ്പിക്കുവാൻ പാടുള്ളതല്ല.ഇത് ലംഘിക്കുന്നവർക്കെതിരെ നിയമാനുസരണ നടപടികൾ ഗ്രാമപഞ്ചായത്തുകൾ സ്വീകരിക്കേണ്ടതാണ്.

**4)** നിയമാനുസൃതമായ അനുമതി കൂടാതെയും ട്രാഫിക്ക് തടസ്സം ഉണ്ടാകുന്ന രീതിയിലും പരസ്യാവശ്യത്തിനും പ്രചരണത്തിനുമായി സ്ഥാപിച്ചിട്ടുള്ള ഫ്ലക്സ് ബോർഡുകൾ അടിയന്തിരമായി നീക്കം ചെയ്യുന്നതിന് ഗ്രാമപഞ്ചായത്തുകൾ നടപടി സ്വീകരിക്കേണ്ടതാണ്.

**5)** ഫ്ലക്സ് ബോർഡുകൾ പ്രദർശിപ്പിക്കാൻ അനുയോജ്യമായ സ്ഥലങ്ങൾ മുൻകൂട്ടി നിശ്ചയിച്ച് അവിടെ മാത്രമെ അവ പ്രദർശിപ്പിക്കാൻ അനുമതി നല്കാവൂ.അനുമതി ഇല്ലാത്ത മേഖലകളിലും നിരോധിത മേഖലകളിലും ,കാലാവധിക്ക് ശേഷവും പ്രദർശിപ്പിക്കുന്ന ഫ്ലക്സ് ബോർഡുകൾ ചട്ട പ്രകാരം നീക്കം ചെയ്യേണ്ടതും വ്യവസ്ഥ ലംഘിക്കുന്നവർക്ക് നിയമാനുസൃത പിഴ ചുമത്തേണ്ടതുമാണ്.

**6)** പ്ലാസ്റ്റിക്ക് ഫ്ലക്സ് ബോർഡുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തി സർക്കാർ പുറപ്പെടുവിച്ച സൂചന(4) ഉത്തരവിലെ വ്യവസ്ഥകൾ എല്ലാ ഗ്രാമപഞ്ചായത്തുകളും കർശനമായി പാലിക്കേണ്ടതാണ്.

**7)** 2005 ലെ ദുരന്ത നിവാരണ നിയമം സെക്ഷൻ 21 (1) പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ റോഡ് സുരക്ഷക്ക് ഭംഗം വരുന്ന രീതിയിൽ സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകൾ / ബാനറുകൾ / ഹോർഡിങ്ങുകൾ മുതലായവ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ അടിയന്തിരമായി നീക്കം ചെയ്യേണ്ടതാണ്.

**8)** സൂചന(10 ) സർക്കുലറിലെ നിബന്ധനകൾ എല്ലാ ഗ്രാമപഞ്ചായത്തുകളും കർശനമായി പാലിക്കേണ്ടതും അടിയന്തിര തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**9)** ഇത് സംബന്ധിച്ച ജില്ലാതല പുരോഗതി റിപ്പോർട്ട് നിശ്ചിത മാതൃകയിൽ 17.10.2018,22.10.2018,24.10.2018 തീയതികളിലും ജില്ലാതല പ്രവർത്തനങ്ങൾ ക്രോഡീകരിച്ച അന്തിമ റിപ്പോർട്ട് 26.10.2018 തീയതിയിലും directorofpanchayatcsection@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ വീഴ്ച കൂടാതെ ലഭ്യമാക്കേണ്ടതാണ്.

സർക്കുലറിലെ നിർദ്ദേശങ്ങൾ എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരും കർശനമായി പാലിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.ഇത് സംബന്ധിച്ചുള്ള വീഴ്ചകൾ ഗൗരവമായി കണ്ട് കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

എച്ച് .ദിനേശൻ
പഞ്ചായത്ത് ഡയറക്ടർ

പകർപ്പ്

1) എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
2) എല്ലാ പഞ്ചായത്ത് അസ്സിസ്റ്റന്റ് ഡയറക്ടർമാർക്കും
3) എല്ലാ പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസർമാർക്കും
4) എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും
5) സിസ്റ്റം മാനേജർ,പഞ്ചായത്ത് വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6) ഫയൽ/കരുതൽ/അധികം

Signature Not Verified

Digitally signed by HOSDURG
DINESHAN
Date: 2018.10.15 17:01:01 IST
Reason: Approved